ഉത്തരം

(എ&ബി) ഇല്ല.

(സി) ഇല്ല. എന്നാൽ ഇടുക്കി, വയനാട് ജില്ലകളിൽ സ്വകാര്യ ബസ്സുകൾ പെർമിറ്റില്ലാതെ സർവ്വീസ് നടത്തുന്നു എന്ന പരാതി ലഭിച്ചിരുന്നു. ഇത് അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന അന്വേഷണം നടത്തിയെങ്കിലും പരാതിയിൽ സൂചിപ്പിക്കുന്ന ബസ്സുകൾ സർവ്വീസ് നടത്തുന്നതായി കണ്ടെത്തിയിട്ടില്ല.

**കരുനാഗപ്പള്ളിയിൽനിന്ന് അന്തർ സംസ്ഥാന സർവ്വീസ്**

**324 (3146)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് അന്തർ സംസ്ഥാന സർവ്വീസ് തുടങ്ങണമെന്ന നിരന്തരമായ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഉണ്ട്. നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ കരുനാഗപ്പള്ളിയിൽനിന്നും അന്തർ സംസ്ഥാന സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

**കട്ടനാട്ടിലേക്കുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ**

**325 (3147)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട്ടിലേക്കുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ കളക്ഷൻ കുറവാണെന്ന കാരണത്താൽ റദ്ദ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എടത്വാ ഡിപ്പോയിൽ നിന്നുള്ള പൂപ്പള്ളി-ചമ്പക്കുളം സ്റ്റേ ബസ് കളക്ഷൻ കുറവാണെന്ന കാരണത്താൽ റദ്ദ് ചെയ്തത് പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(സി) കട്ടനാട്ടിലേക്കുള്ള ഏതെല്ലാം സർവ്വീസുകളാണ് കളക്ഷൻ കുറവാണെന്ന കാരണത്താലും ബസ്സുകൾ ഇല്ലാത്തതിനാലും നിർത്തലാക്കപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) എടത്വാ ഡിപ്പോയിൽനിന്നും പുതിയതായി ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ആരംഭിച്ചപ്പോൾ ഓർഡിനറി ബസ്സുകൾ പിൻവലിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് റദ്ദ് ചെയ്ത് ഫീസിബിലിറ്റി ലഭ്യമായ എടത്വാ ഡിപ്പോയിൽ നിന്നും ബസ്സ് സർവ്വീസുകൾ ഭാവിയിൽ ക്രമീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വരുമാനക്കുറവാണെന്ന കാരണത്താൽ കട്ടനാട്ടിലേക്കുള്ള സർവ്വീസുകൾ റദ്ദ് ചെയ്യാറില്ല. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവ പ്പെടുമ്പോൾ ചില സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്യാറുണ്ട്.

(ബി) പൂപ്പള്ളി-ചമ്പക്കുളം സർവ്വീസ് ചങ്ങനാശ്ശേരിയിൽ നിന്നുമാണ് നടത്തിവരുന്നത്. 5000 രൂപയ്ക്ക് താഴെയായിരുന്ന ടി സർവ്വീസിന് നേരത്തെ ലഭ്യമായിരുന്ന വരുമാനം. ആയതിനാൽ ടി സർവ്വീസ് പുനഃക്രമീകരിച്ച് ട്രിപ്പുകൾ കൂടുതലാക്കി ചമ്പക്കുളത്തേക്ക് അയച്ചപ്പോൾ 5000 രൂപയ്ക്ക് മുകളിൽ വരുമാനം ലഭ്യമായി തുടങ്ങിയിട്ടുണ്ട്.

(സി) ബസ്സുകളുടെ കുറവ് കാരണം 06.50 മണി എടത്വാ-ആലപ്പുഴ, 06.15 മണി എടത്വാ-അർത്തിശ്ശേരി, 06.00 മണി എടത്വാ-തിരുവല്ല, 06.00 മണി എടത്വാ-കുന്നുമ്മ, 06.45 ആലപ്പുഴ-പുളിങ്കുന്ന് എന്നീ സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

(ഡി) 5 വർഷം കാലാവധി പൂർത്തിയാക്കിയ 2 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഓർഡിനറിയായി കൺവെർട്ട് ചെയ്തപ്പോൾ പകരം പുതിയ 2 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ നൽകുകയും കൺവെർട്ട് ചെയ്ത ബസ്സുകളിൽ ഒരെണ്ണം എടത്വയിൽ നിലനിർത്തിയിട്ട് മറ്റൊരെണ്ണം ബസ്സ് തീരെ കുറവുള്ള പാപ്പനംകോട് യൂണിറ്റിന് നൽകുകയുമാണുണ്ടായത്. ആയതിനാൽ മേൽനടപടി റദ്ദ് ചെയ്യുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly